# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *301

12/ 12/ 2018-ൽ മറുപടിക്ക്

## ശബരിമലയിൽ പകർച്ച വ്യാധികൾ തടയാൻ നടപടി

**ചോദ്യം**

**ശ്രീ.അൻവർ സാദത്ത്**
**,, ഐ.സി.ബാലകൃഷ്ണൻ**
**,, ഷാഫി പറമ്പിൽ**
**,, റോജി എം. ജോൺ**

**മറുപടി**

**കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
| --- | --- |
| എ) അടിസ്ഥാന സൗകര്യങ്ങൾ പരിമിതമായ ശബരിമലയിൽ പകർച്ച വ്യാധികൾ തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; | എ) 2018-2019 ലെ ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് പൊതുജനാരോഗ്യപ്രവർത്തനങ്ങളായ ജലജന്യ-ജന്തുജന്യ രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഹെൽത്ത് ഇൻസ്പെക്ടർമാരുടെയും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെയും ദൈനംദിന പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി നടത്തി വരുന്നു. നിലയ്ക്കൽ, പമ്പ, സന്നിധാനം, നീലിമല, അപ്പാച്ചിമേട് എന്നീ കേന്ദ്രങ്ങളിൽ ആരോഗ്യപ്രവർത്തകരുടെ ടീം പ്രവർത്തിക്കുന്നു. പകർച്ചവ്യാധികൾ തടയുന്നതിനായി ഫോഗിംഗ്, ഉറവിട നശീകരണം, ക്ലോറിനേഷൻ, ബോധവത്ക്കരണം, സ്പ്രേയിംഗ്, കുടിവെള്ളത്തിന്റെ ഗുണമേന്മ പരിശോധന എന്നിവ ചെയ്തുവരുന്നു. കുടിവെള്ളത്തിന്റെ ശുദ്ധത ഉറപ്പ് വരുത്തുന്നതിനായി പത്തനംതിട്ടയിൽ ഒരു താല്ക്കാലിക അനലറ്റിക്കൽ ലബോറട്ടറി ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഹോട്ടലുകൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പരിശോധന, എലിപ്പനിയ്ക്കുള്ള പ്രതിരോധ മരുന്ന് വിതരണം, ഡെങ്കിപ്പനി, മലേറിയ എന്നിവയ്ക്കുള്ള രക്ത പരിശോധനാ കിറ്റുകൾ, കഫ പരിശോധന മറ്റ് സാനിറ്റേഷൻ പ്രവർത്തനങ്ങൾ രോഗ നിരീക്ഷണം, കൊതുക് നിരീക്ഷണം, ബോധവത്ക്കരണ ക്ലാസ്സുകൾ എന്നിവ നടത്തുന്നുണ്ട്. 24 മണിക്കൂറും ആശുപത്രികളിൽ ഒ.പി അത്യാഹിത സേവനങ്ങൾ ലഭ്യമാണ്. പകർച്ചവ്യാധികൾ തടയുന്നതിനുള്ള |

മാർഗ്ഗങ്ങൾ വ്യക്തമാക്കുന്ന ആറ് ഭാഷകളിലുള്ള മുന്നറിയിപ്പ് ബോർഡുകൾ നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്.

**ബി)** തീർത്ഥാടകരിൽ ഭൂരിഭാഗവും ഇതര സംസ്ഥാനക്കാരായതിനാൽ ആരോഗ്യവകുപ്പ് എന്തൊക്കെ മുൻ കരുതലുകളാണ് ശബരിമലയിൽ നടപ്പിലാക്കിയിരിക്കുന്നത്;

**ബി)** ശബരിമല തീർത്ഥാടകർക്ക് അവരുടെ ആരോഗ്യസ്ഥിതി പരിപാലിക്കുന്നതിനുതകുന്ന വിവരങ്ങൾ അടങ്ങിയ നോട്ടീസുകൾ മലയാളത്തിനു പുറമേ ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, തെലുങ്ക്, കന്നട എന്നീ ഭാഷകളിൽ അച്ചടിച്ച് വിതരണം ചെയ്യുവരുന്നു. ഇതിനു പുറമേ തീർത്ഥാടകർക്ക് ആരോഗ്യ അറിയിപ്പുകൾ നൽകുന്നതിനായി ആറ് ഭാഷകളിലുള്ള ബാനറുകളും പോസ്റ്ററുകളും പ്രധാന ഇടത്താവളങ്ങളിലും നിലയ്ക്കൽ, പമ്പ മുതൽ സന്നിധാനം വരെയുള്ള പാതയോരങ്ങൾ എന്നിവിടങ്ങളിലും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ഹൃദ്രോഗം മൂലമുണ്ടാകുന്ന മരണങ്ങൾ തടയുന്നതിനായുള്ള ആരോഗ്യ മുന്നറിയിപ്പുകളും വിവരണങ്ങളുമടങ്ങിയ ബോർഡുകളും വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. പനി, ജലദോഷം തുടങ്ങിയ അസുഖങ്ങൾ ഉള്ളവർ മല ചവിട്ടുന്നത് ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ആരോഗ്യവകുപ്പ് സെക്രട്ടറി മുഖേന മറ്റ് സംസ്ഥാനങ്ങൾക്ക് കത്ത് നൽകിയിട്ടുണ്ട്. പനി, ചുമ, ശ്വാസതടസ്സം തുടങ്ങിയ അസുഖങ്ങളുള്ള ഇതര സംസ്ഥാന തീർത്ഥാടകർക്ക് എല്ലാ സർക്കാർ ആശുപത്രികളിലും ആവശ്യമായ ചികിത്സാ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. മലേറിയ, മന്ത് എന്നീ രോഗങ്ങൾ കണ്ടുപിടിക്കുന്നതിനായി മുന്നൂറോളം പേർക്ക് രക്തപരിശോധനകൾ ഇതുവരെ ചെയ്തിട്ടുണ്ട്. ചിക്കൻപോക്സ്, എച്ച്1 എൻ1 എന്നിവയ്ക്കുള്ള മരുന്നുകൾ എല്ലാ ആശുപത്രികളിലും ലഭ്യമാക്കിയിട്ടുണ്ട്.

**സി)** എച്ച് 1 എൻ 1 ഉൾപ്പെടെ എല്ലാവിധ പനികൾക്കുമുള്ള മരുന്ന് ശബരിമലയിൽ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

**സി)** എച്ച്1 എൻ1 ഉൾപ്പെടെയുള്ള എല്ലാ പനികൾക്കുമുള്ള മരുന്നുകൾ ശബരിമലയിൽ ലഭ്യമാണ്.

**ഡി)** അവിടെ പ്രളയത്തിൽ തകർന്ന ആശുപത്രികളും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും പ്രവർത്തനക്ഷമമാക്കാൻ

**ഡി)** 2018 ഓഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിൽ പമ്പയിലെ സർക്കാർ ആശുപത്രിയിൽ വൻ നാശനഷ്ടം ആണ്

സാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉണ്ടായിട്ടുള്ളത്. ആശുപത്രിയിലെ ഫർണിച്ചറുകൾ, മരുന്നുകൾ, ഡിസ്ട്രിബ്യൂഷൻ പാനൽ, ബോർഡ് ജനറേറ്റർ എന്നിവ ഉൾപ്പെടെയുള്ള ഇലക്ട്രിക് ഉപകരണങ്ങൾ ഓപ്പറേഷൻ തീയേറ്റർ തുടങ്ങി കെട്ടിടത്തിന്റെ ഭൂനിരപ്പിലുള്ള നില പൂർണ്ണമായും പ്രളയത്തിൽ നശിച്ച് പോയി. ഏകദേശം ഒരു കോടി എൺപതു ലക്ഷം രൂപയുടെ നഷ്ടം സംഭവിച്ചതായി കണക്കാക്കിയിട്ടുണ്ട്. ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന പവർഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ എന്ന സ്ഥാപനം സാമൂഹ്യപ്രതിബദ്ധതയുടെ അടിസ്ഥാനത്തിൽ പ്രളയത്തിൽ തകർന്ന പമ്പ സർക്കാർ ആശുപത്രിയുടെ പുനരുദ്ധാരണത്തിന്റെ പൂർണ്ണ ചുമതല ഏറ്റെടുക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ നശിച്ചുപോയ ഇലക്ട്രോണിക്സ് ഉപകരണങ്ങളും (സബ് സ്റ്റേഷൻ നവീകരണം, എലിവേറ്റർ, ജനറേറ്റർ, ഡിസ്ട്രിബ്യൂഷൻ പാനൽ തുടങ്ങിയവ) മെഡിക്കൽ ഉപകരണങ്ങളും പുനസ്ഥാപിക്കുന്നതിനുള്ള നടപടികൾ പവർഗ്രിഡ് കോർപ്പറേഷൻ സ്വീകരിച്ചിട്ടുണ്ട്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ദേശീയ ആരോഗ്യ ദൗത്യം ബി.എസ്.എൻ.എൽ മുഖേന പമ്പ സർക്കാർ ആശുപത്രി കെട്ടിടത്തിലെ സിവിൽ വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. പുനരുദ്ധാരണ പ്രവർത്തനങ്ങളും ഫർണിച്ചർ, ഉപകരണങ്ങൾ എന്നിവ സ്ഥാപിക്കുന്നതടക്കമുള്ള പണികൾ ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്.

സെക്ഷൻ ഓഫീസർ